# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം-പ്ലാൻ സ്കീം 2018-19 ആന്വിറ്റി സ്കീം 4202-01-203-76 എന്ന ശീർഷകത്തിൽ നിന്നും തുക അനുവദിച്ച് ഉത്തരവാകുന്നു.**

---

**ഉത്തരവ് നം: പി2/21946/2018//കോ.വി.വ തിരുവനന്തപുരം, തീയതി : 01.03.2019**

---

**പരാമർശം:** 1. ജി.ഒ.(പി) നം.4194/2018/ഫിൻ നമ്പരായ 15.05.2018 ലെ സർക്കാർ ഉത്തരവ്.
2. 28.02.2019 ലെ ആറ്റിങ്ങൽ ഗവ.കോളേജ് പ്രിൻസിപ്പാളിന്റെ കത്തും പ്രൊപ്പോസലും
3. 05.02.2019 ലെ ഗവ. ആർട്സ് & സയൻസ് കോളേജ് ഇലന്തൂർ പ്രിൻസിപ്പാളിന്റെ കത്തും പ്രൊപ്പോസലും

## ഉത്തരവ്

2018-19 സാമ്പത്തിക വർഷം ആന്വിറ്റി സ്കീമിനായി 50 ലക്ഷം രൂപ 4202-01-203-76 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പരാമർശം ഒന്നു പ്രകാരം ടി തുക ചെലവഴിക്കുന്നതിനുള്ള കൺട്രോളിങ്ങ് ഓഫീസറായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാമർശം 2, 3 പ്രകാരം ഓൺലൈൻ പ്രിന്ററുകളും കമ്പ്യൂട്ടറും വാങ്ങുന്നതിനായി കോളേജ് പ്രിൻസിപ്പാൾമാർ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചതിൻ പ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ ഭരണാനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

| | | | |
|---|---|---|---|
| 1. | ഗവ.കോളേജ്, ആറ്റിങ്ങൽ<br>(യൂണിവേഴ്സിറ്റി പരീക്ഷ ചോദ്യപേപ്പർ ഓൺലൈൻ വഴി പ്രിന്റ് എടുക്കുന്നതിനുവേണ്ടി) | ലേസർ പ്രിന്റർ | 97600/- |
| 2. | ഗവ. ആർട്സ് & സയൻസ് - കോളേജ്, ഇലന്തൂർ | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ പ്രിന്റർ<br>(DDFS സംവിധാനം) | 90,000/- |
| | | | 187600/- |

പ്ലാൻ ഫണ്ട് വിനിയോഗത്തിൽ നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളും പാലിക്കപ്പെടുന്നുണ്ടെന്ന് പ്രിൻസിപ്പാൾ ഉറപ്പുവരുത്തേണ്ടതും സ്റ്റോർ പർച്ചേസ് മാന്വൽ നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

മേൽ പ്രവർത്തികൾക്കുള്ള തുക 4202-01-203-76 ആന്വിറ്റി സ്കീം 2018-19 എന്ന ശീർഷകത്തിൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

ഒപ്പ്/-
ഹരിത വി.കുമാർ. ഐ.എ.എസ്
**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-
1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2. ബഡ്ജറ്റ് സെക്ഷൻ
3. കരുതൽ ഫയൽ/നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ആർ.ബി. 02.03.2019

0755760 GOVERNMENT OF KERALA